# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2198 05/05/2017-ൽ മറുപടിക്ക്

**'കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള അധിവർഷ ആനുകൂല്യം'**

**ചോദ്യം** **മറുപടി**

**ശ്രീ. ആർ. രാമചന്ദ്രൻ**

**ശ്രീ. ടി. പി. രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർക്ക് അധിവർഷ ആനുകൂല്യം വിതരണം ചെയ്യുന്ന പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | ഉണ്ട്. കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായി 60 വയസ്സ് വരെ അംശദായം അടച്ച് അംഗത്വം പൂർത്തിയാക്കി റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യമാണ് അധിവർഷാനുകൂല്യം. അംഗത്വകാലത്തിന് അനുസൃതമായി പ്രതിവർഷം 625/-രൂപ എന്ന നിരക്കിലാണ് ആനുകൂല്യം നൽകി വരുന്നത്. |
| (ബി) | എങ്കിൽ എന്ന് വരെയുള്ള ആനുകൂല്യം വിതരണം ചെയ്തുവെന്ന് വിശദമാക്കുമോ; | 2009 വരെയുള്ള ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. |
| (സി) | കർഷകത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡുകൾ നൽകി വരുന്നുണ്ടോ; 2016-17 വർഷത്തിൽ പ്രസ്തുത അവാർഡ് വിതരണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ? | ഉണ്ട്, കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഓരോ വർഷവും സർക്കാർ സ്കൂളുകളിൽ നിന്നോ സർക്കാരിന്റെ അംഗീകാരമുള്ള സ്കൂളുകളിൽ നിന്നോ SSLC/THSSLC പാസ്സാകുന്ന നിശ്ചിത എണ്ണം കുട്ടികൾക്ക്, നിശ്ചിത നിരക്കിൽ, ജില്ലാടിസ്ഥാനത്തിൽ ഉയർന്ന ഗ്രേഡുകൾ വാങ്ങുന്ന ക്രമത്തിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. 2016-17 വർഷം 5183 കുട്ടികൾക്ക് 64 ലക്ഷം രൂപ ഈ ഇനത്തിൽ വിതരണം ചെയ്യുന്നതിന് അനുമതി നൽകുകയും വിതരണം പൂർത്തിയായി വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**